പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2049</u> <u>05.12.2018 ൽ മറുപടിക്ക്</u>

**<u>എയർസ്ട്രിപ്പുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.മുരളീധരൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് എയർസ്ട്രിപ്പുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;<br><br>(ബി) ഏതൊക്കെ ജില്ലകളിലാണ് എയർസ്ട്രിപ്പുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്;<br><br>(സി) സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിന് ഇത്തരം എയർസ്ട്രിപ്പുകൾ സഹായകരമാകുമെന്ന് കരുതുന്നുണ്ടോ? | (എ) യും (ബി) യും (സി) യും | സംസ്ഥാനത്തെ ടൂറിസത്തിന്റെ സമഗ്രമായ വികസനം മുൻ നിർത്തി 8 മുതൽ 10 സീറ്റുള്ള ഒറ്റ എഞ്ചിൻ വിമാനങ്ങൾ (Airvan) ഉപയോഗിച്ച് കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കൊണ്ടുള്ള ചെറു വിമാന സർവ്വീസുകൾ നടത്തുന്നതിനാണ് വിഭാവനം ചെയ്യുന്നത്. ആശ്രാമം മൈതാനം (കൊല്ലം), മൂന്നാർ, തേക്കടി (ഇടുക്കി), കൽപ്പറ്റ (വയനാട്), ബേക്കൽ (കാസർഗോഡ്), ഗുരുവായൂർ (തൃശ്ശൂർ), പാലക്കാട്, ആലപ്പുഴ ബീച്ച് (ആലപ്പുഴ), വർക്കല (തിരുവനന്തപുരം), കുമരകം (കോട്ടയം) എന്നീ സ്ഥലങ്ങളിൽ എയർ സ്ട്രിപ്പ്/ഹെലിപോർട്ട് നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആദ്യപടിയായി ബേക്കൽ, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് ഏകദേശം 1400 മീറ്റർ ദൈർഘ്യമുള്ള റൺവേ മതിയാകും. ചെറു വിമാനങ്ങൾ സർവ്വീസിനായി ഉപയോഗിക്കുന്നതിനാൽ പരിപാലന ചിലവും യാത്രാ നിരക്കും കുറവായിരിക്കും. സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഇത് സഹായകരമാകും. |

SRd

സെക്ഷൻ ഓഫീസർ